ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലേക്കും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, കൗൺസിലുകളിലേക്കും പൊതു തെരഞ്ഞെടുപ്പിനുള്ള എന്തെല്ലാം നടപടികളാണ് ഇപ്പോൾ തുടങ്ങിയിട്ടുള്ളത്;

(ബി) വിവിധ പഞ്ചായത്തുകളിലേയും നഗരസഭകളിലേയും വാർഡ് വിഭജനം സംബന്ധിച്ച നടപടികൾ എന്ന് പൂർത്തിയാക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച് കേരളത്തിലെ വിവിധ കോടതികളിൽ കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര കേസ്സുകൾ എന്ന് വെളിപ്പെടുത്തുമോ;

(ഡി) തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി)പ്രാരംഭ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞതായും വാർഡ് വിഭജനം, സംവരണ വാർഡുകൾ നിശ്ചയിക്കുക, പോളിംഗ് ബൂത്തുകൾ നിശ്ചയിക്കുക, വോട്ടർപട്ടിക പുതുക്കുക തുടങ്ങിയ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും 2000-ാമാണ്ട് ജൂലൈ മാസത്തോടെ എല്ലാ നടപടികളും പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപതെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(സി) വാർഡു വിഭജനം സംബന്ധിച്ചും മറ്റും ഫയൽ ചെയ്തിരുന്ന കേസ്സുകളെല്ലാം കോടതി തള്ളിക്കളഞ്ഞതായി തെരഞ്ഞെടുപ്പു കമമീഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) 1.1.2000 വച്ച് വോട്ടർപട്ടിക പുതുക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്യൂമറേഷൻ നടത്തി വോട്ടർപട്ടിക തയ്യാറാക്കണമോ അതോ 1.1.2000 വച്ച് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ തയ്യാറാക്കിയ വോട്ടർപട്ടിക ആവശ്യമായ ഭേദഗതികൾ വരുത്തി സ്വീകരിച്ചാൽ മതിയോ എന്ന് തീരുമാനിച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം അന്തിമമായി തീർപ്പാക്കുന്നതോടെ മാത്രമേ ആ കാര്യം തീരുമാനിക്കാൻ സാധിക്കുകയുള്ളൂ എന്നും തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

22 (*142) കേരള മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനിറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനം സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതികളുടെ മൊത്തം ചെലവ് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വികസന പദ്ധതികൾക്കുള്ള പണം എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വികസന പദ്ധതികൾക്ക് ഏതെങ്കിലും വിദേശ ഏജൻസികളുടെ സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ സാങ്കേതിക സഹായമാണോ സാമ്പത്തിക സഹായമാണോ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇക്കാര്യത്തിൽ ഏതൊക്കെ ഏജൻസികളുടെ സഹായമാണ് പ്രതീക്ഷിക്കുന്നത്; ഇതു സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ:

(ജി) വികസന പദ്ധതികൾ വിദേശ സഹായം ഒന്നുമില്ലാതെ നടപ്പാക്കുവാൻ ആവുന്നതാണോ എന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ കമ്പനിയിൽ സംസ്ഥാനത്തിന്റെ ഇതേവരെയുള്ള മുടക്കുമുതൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഐ) വികസന പ്രവർത്തനം നടത്തുമ്പോൾ അധികമായി വേണ്ടിവരുന്ന അസംസ്കൃത വസ്തുവിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ജെ) വർദ്ധിച്ച തോതിലെ ലോഹമണൽ ഖനനം മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(കെ) വികസനം നടപ്പാക്കുന്നതുമൂലം ലഭ്യമാവുന്ന അധിക തൊഴിലവസരം സംബന്ധിച്ച വിശദവിവരം നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി സുശീലാ ഗോപാലൻ</u>) :

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ വികസനം ലക്ഷ്യമാക്കി ഇനിപ്പറയുന്ന നാലു പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(1) പ്രതിവർഷം 3 ലക്ഷം മെട്രിക് ടൺ ഇൽമനൈറ്റ് ഉല്പാദിപ്പിക്കുന്നതിന് 292.47 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു മിനറൽ സെപ്പറേഷൻ പ്ളാന്റ് സ്ഥാപിക്കുക.

(2) ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് യൂണിറ്റിന്റെ വാർഷികോല്പാദനം 60,000 മെട്രിക് ടണ്ണായി ഉയർത്തുന്നതിന് 415.99 കോടി രൂപാ ചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതി നടപ്പാക്കുക.

(3) പ്രതിദിനം 100 മെട്രിക് ടൺ ഓക്സിജൻ ഉല്പാദിപ്പിക്കുന്നതിന് 51.82 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പ്ളാന്റ് സ്ഥാപിക്കുക.

(4) 22.13 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു അത്യാധുനിക ഓട്ടോമാറ്റിക് പാക്കിംഗ് സിസ്റ്റം നടപ്പിലാക്കുക.

(ബി) പദ്ധതിയുടെ മൊത്തം ചെലവ് 782.41 കോടി രൂപായായിരിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) വികസന പദ്ധതികൾക്കുള്ള പണം ആഭ്യന്തര വിഭവ സമാഹരണത്തിലൂടെയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയായും സ്വരൂപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)&(ഇ) വികസന പദ്ധതികൾക്ക് വിദേശ ഏജൻസികളുടെ സാങ്കേതിക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ വിദേശ സാമ്പത്തിക സഹായം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

(എഫ്)ഇക്കാര്യത്തിൽ ഏതെങ്കിലും വിദേശ ഏജൻസികളുമായി ചർച്ച നടത്തിയിട്ടില്ല.

(ജി) വിദേശ സാങ്കേതിക സഹായം വികസന പദ്ധതികൾക്ക് അത്യന്താപേക്ഷിതമാണ്. എന്നാൽ വിദേശ സാമ്പത്തിക സഹായം ഇപ്പോൾ പ്രതീക്ഷിക്കുന്നില്ല.

(എച്ച്) മൂലധനം 30.93 കോടി രൂപ.

(ഐ) ഉണ്ട്.

(ജെ) പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഠന റിപ്പോർട്ടിന് വിധേയമായിട്ടായിരിക്കും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(കെ) വികസനം നടപ്പാക്കുന്നതുമൂലം ഉദ്ദേശം 500 പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

23 (*143) ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് അവരുടെ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് ഇന്ന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പട്ടയം നൽകി; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) വനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഭൂരഹിതർക്ക് നൽകേണ്ട മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി എത്ര ഹെക്ടർ ഭൂമി നീക്കിവച്ചിട്ടുണ്ട്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 1960-ൽ നിലവിൽ വന്ന കേരള ഭൂമി പതിവ് നിയമത്തിന്റെ 7-ാം വകുപ്പിൽ നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചു നിർമ്മിച്ചിട്ടുള്ള വിവിധ ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമികളിൽ വർഷങ്ങളായി താസമിച്ചുവരുന്നവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly